(ബി) പ്രസ്തുത പദ്ധതികൾക്കായി 2011-12 മുതലുള്ള വർഷങ്ങളിൽ അനുവദിക്കപ്പെട്ട തുക എത്രയെന്നറിയിക്കാമോ ;

(സി) അതിൽ എന്ത് തുക വീതം ചെലവഴിക്കപ്പെട്ടിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ) അനുബന്ധം (എ) ആയി നൽകുന്നു.*

(ബി) അനുബന്ധം (ബി) ആയി നൽകുന്നു.*

(സി) അനുബന്ധം (സി) ആയി നൽകുന്നു.*

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി

46 (1517) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. പി. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി നടപ്പാക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സമീപനരേഖ തയ്യാറാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ സമഗ്ര വികസനം കൈവരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) വാർഷിക പദ്ധതികൾ സംസ്ഥാനത്തിന്റെ സമഗ്ര വികസനം കൈവരിക്കുന്നതിന് അനുസൃതമായ രീതിയിൽ രൂപീകരിക്കുന്നതിനായി സമീപന രേഖ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly